

സി.ബി.ഐ അന്വേഷണം വേണം: ഉമ്മൻചാണ്ടി

കാസർകോട്: പെരിയ കല്യോട്ട് നിരപരാധികളായ രണ്ടു യുവത്വത്തെ ഇല്ലാതാക്കിയ സംഭവത്തിന്റെ ഉത്തരവാദിത്വത്തിൽ നിന്ന് മുഖ്യമന്ത്രി പിണറായി വിജയനും സി.പി.എം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണനും ഒഴിഞ്ഞുമാറാൻ കഴിയില്ലെന്നും ലോക്കൽ പൊലീസിന്റെ അന്വേഷണത്തിൽ വിശ്വാസമില്ലാത്തതിനാൽ കേസ് സി.ബി.ഐയെ കൊണ്ട് അന്വേഷിപ്പിക്കണമെന്നും മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടി വാർത്താസമ്മേളനത്തിൽ പറഞ്ഞു. വളരെയധികം പരിചയസമ്പന്നരായ പ്രൊഫഷണൽ സംഘം തന്നെയാണ് കൊല നടത്തിയതെന്ന് രീതികൾ പരിശോധിച്ചാൽ മനസിലാകും. സംഭവത്തിനു പിന്നിലെ ഗൂഢാലോചന പുറത്തുകൊണ്ടുവരാൻ സി.ബി.ഐയെ പോലുള്ള ഒരു ഏജൻസിയെ തന്നെ അന്വേഷണം ഏൽപ്പിക്കണം. കേസിലെ മുഴുവൻ പ്രതികളെയും പുറത്തുകൊണ്ടുവരുന്നതുവരെ കോൺഗ്രസ് അതിനെ സൂക്ഷ്മം നിരീക്ഷിക്കും. അന്വേഷണത്തിൽ രാഷ്ട്രീയമായ ഇടപെടലുകൾ ഒരുകാരണവശാലും അനുവദിക്കില്ലെന്നും ഉമ്മൻചാണ്ടി പറഞ്ഞു.

www.keralakaumudi.com www.facebook.com/keralakaumudi

1000 ദിവസം മുമ്പ് സ്വപ്നം കാണാത്ത പദ്ധതികൾ നടപ്പാക്കി: മുഖ്യമന്ത്രി

■കേരളം ഏറ്റവും അഴിമതി കുറഞ്ഞ സംസ്ഥാനം

കോഴിക്കോട്: ആയിരം ദിവസം മുൻപ് സ്വപ്നം കാണാൻ പോലും കഴിയാത്ത പദ്ധതികളാണ് ഇടതുസർക്കാർ നടപ്പാക്കിയതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

സർക്കാർ ആയിരം ദിനം പൂർത്തിയാക്കുന്നതിന്റെ ഉദ്ഘാടനം കോഴിക്കോട് ബീച്ചിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം.

ആയിരം ദിനങ്ങൾക്ക് മുൻപ് ജനങ്ങൾക്ക് വികസന സ്വപ്നം നിഷേധിക്കപ്പെട്ടിരുന്നു. ഇന്ന് സർവ്വവ്യാപകമായ വികസനമാണ്. അന്ന് കേരളത്തിൽ ഒന്നും നടക്കില്ലെന്ന നിരാശയിലായിരുന്നു അവർ. ഈ സർക്കാർ വന്നപ്പോൾ ചിലതൊക്കെ നടക്കാം എന്ന പ്രതീക്ഷയായി. ആയിരം ദിവസങ്ങൾക്കിഞ്ഞപ്പോൾ പലതും നടക്കുമെന്ന് ബോദ്ധ്യമായി. ഏറ്റവും അഴിമതി കുറഞ്ഞ സംസ്ഥാനമായി കേരളം. ആയിരം ദിവസം മുൻപത്തെ കാര്യങ്ങൾ ഓർത്താൽ അത് മനസിലാകും. എന്നാൽ അഴിമതിപൂർണമായും ഇല്ലാതായിട്ടില്ല. ജനങ്ങൾ ഇടപഴകുന്ന താഴെ തലത്തിൽ പ്രത്യേകം ശ്രദ്ധിക്കണം. ജീവനക്കാർ പ്രതിബദ്ധതയുള്ളവരാണ്. എന്നാൽ ആയിരം ദിവസങ്ങൾക്ക് മുമ്പ് ശീലിച്ചത് ചിലർ മാറ്റിയിട്ടില്ല. പേര് ദോഷമുണ്ടാക്കുന്ന ഒന്നും സംഭവിക്കരുത്. അഴിമതി പൊറുപ്പിക്കാത്ത സർക്കാരാണിത്. സർക്കാരിന്റെ പല പദ്ധതികളും കൃത്യസമയത്ത് പൂർത്തിയാക്കി. നടക്കില്ലെന്ന് കരുതിയ ഗെയിൽ പൈപ്പ് ലൈൻ ഉടൻ ഉദ്ഘാടനം ചെയ്യും. ശബരിമല വിമാനത്താവളത്തിന്റെ പഠനങ്ങൾ നടക്കുകയാണ്. തീരദേശ ഹൈവേ, മലയോര ഹൈവേ എന്നിവയ്ക്ക് 10,000 കോടി രൂപ സർക്കാർ കണ്ടെത്തി. 1000 ദിവസങ്ങൾക്ക് മുമ്പ് ഇത് സ്വപ്നം കാണാൻ പറ്റുമായിരുന്നോ എന്നും മുഖ്യമന്ത്രി ചോദിച്ചു. മന്ത്രി ഇ. ചന്ദ്രശേഖരൻ അദ്ധ്യക്ഷത വഹിച്ചു. മന്ത്രിമാരായ കടന്നപ്പള്ളി രാമചന്ദ്രൻ, ടി.പി രാമകൃഷ്ണൻ, എ.കെ ശശീന്ദ്രൻ, എം.എൽ.എമാരായ പി.ടി.എ റഹിം, എ പ്രദീപ്കുമാർ, ഇ.കെ.വിജയൻ, എം.പി.വീരേന്ദ്രകുമാർ എം.പി, കോഴിക്കോട് കോർപ്പറേഷൻ മേയർ തോട്ടത്തിൽ രവീന്ദ്രൻ തുടങ്ങിയവർ സംസാരിച്ചു.

കോഴിക്കോട് ബീച്ചിൽ നടന്ന സംസ്ഥാന സർക്കാരിന്റെ ആയിരം ദിനാഘോഷത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുന്നു

ഫോട്ടോ: രോഹിത്ത് തയ്യിൽ

ഡോ. എം.എസ്. രാജശ്രീ സാങ്കേതിക സർവകലാശാല വൈസ് ചാൻസലർ

തിരുവനന്തപുരം: എ.പി.ജെ. അബ്ദുൽകലാം സാങ്കേതിക സർവകലാശാല വൈസ് ചാൻസലറായി ഡോ. എം.എസ്. രാജശ്രീയെ നിയമിച്ചു. തിരുവനന്തപുരം ബാർട്ടൺഹിൽ ഗവ. എൻജിനിയറിംഗ് കോളേജ് പ്രിൻസിപ്പലായ രാജശ്രീ കരമന സ്വദേശിനിയാണ്. നാല് വർഷത്തേക്കാണ് നിയമനം. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ഇൻഫർമേഷൻ ടെക്നോളജി ആൻഡ് മാനേജ്മെന്റ് കേരള (എ.എ.ടി.എം - കെ) ഡയറക്ടറായും തിരുവനന്തപുരം സി.ഇ.ടി, ഇടുക്കി എൻജിനിയറിംഗ് കോളേജ് എന്നിവിടങ്ങളിൽ കമ്പ്യൂട്ടർ സയൻസ് വിഭാഗം മേധാവിയായും പൂജപ്പുര എൽ.ബി.എസ് എൻജിനിയറിംഗ് കോളേജ് പ്രിൻസിപ്പലായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. കോഴിക്കോട് എൻ.എ.ടിയിൽ നിന്ന് കമ്പ്യൂട്ടർ സയൻസ് ബിരുദം നേടിയ രാജശ്രീ മദ്രാസ് എം.എ.ടിയിൽ നിന്നാണ് എം.ടെക്കും പി.എച്ച്.ഡിയും നേടിയത്. കേരള കാർഷികസർവകലാശാലയിലെ പ്രൊഫസർ കൃഷ്ണകുമാറാണ് ഭർത്താവ്.

കേരള പ്രദേശ് ടീച്ചേഴ്സ് അസോസിയേഷൻ (കെ.പി.ടി.എ) സംസ്ഥാന കമ്മിറ്റി പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ടി.വി വിജയൻ (ഗവ.എച്ച്.എസ്.എസ് ഉദിനൂർ, കാസർകോട്), ജനറൽ സെക്രട്ടറി മുസ്തഫ മൈലപ്പുറം (ഗവ.എച്ച്.എസ്.എസ് പൂക്കോട്ടൂർ, മലപ്പുറം) എന്നിവർ

അഗതിരഹിത കേരളം; ഉദ്ഘാടനം ഇന്ന്

തിരുവനന്തപുരം: കേരളത്തെ അഗതിരഹിത സംസ്ഥാനമാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടെ കുടുംബശ്രീ മുഖേന നടപ്പാക്കുന്ന 'അഗതിരഹിത കേരളം' പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ഇന്ന് കൽപറ്റയിൽ രാവിലെ 11 ന് മന്ത്രി എ.സി. മൊയ്തീൻ നിർവഹിക്കും. സി.കെ. ശശീന്ദ്രൻ എം.എൽ.എ അദ്ധ്യക്ഷനായിരിക്കും. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. ഹരികിഷോർ പദ്ധതി വിശദീകരിക്കും. ഫണ്ട് വിതരണോദ്ഘാടനം ഐ.സി. ബാലകൃഷ്ണൻ എം.എൽ.എയും പദ്ധതി ഗുണഭോക്താക്കൾക്കുള്ള ഹെൽത്ത് കാർഡ് വിതരണോദ്ഘാടനം ഒ. ആർ. കേളു എം.എൽ.എയും നിർവഹിക്കും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.ബി. നസീമ ആശ്രയ പദ്ധതി പൂർത്തീകരിച്ച സി.ഡി.എസുകളെ ആദരിക്കും. കളക്ടർ എ. അജയകുമാർ മുഖ്യ പ്രഭാഷണം നടത്തും. കുടുംബശ്രീ ഗവേണിംഗ് ബോഡി അംഗം ബേബി ബാലകൃഷ്ണൻ 100 ശതമാനം ഡിജിറ്റലൈസേഷൻ പൂർത്തീകരിച്ച സി.ഡി.എസുകളെ ആദരിക്കും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. ഇതിന്റെ ഭാഗമായി തിരഞ്ഞെടുത്തിട്ടുള്ള 1,60,000 ഗുണഭോക്താക്കൾക്ക് ഉപജീവന മാർഗങ്ങൾ ലഭ്യമാകും. ഇതിൽ 10,716 കുടുംബങ്ങൾ പട്ടികവർഗ വിഭാഗത്തിലുള്ളവരാണ്.

കെ.എം.സി.ടി എൻജിനിയറിംഗ് കോളേജിൽ ദേശീയ സിമ്പോസിയം

മുക്കം: കോഴിക്കോട് മുക്കം കെ.എം. സി. ടി എൻജിനിയറിംഗ് കോളേജിൽ വിവിധ വകുപ്പുകൾ ചേർന്ന് നടത്തുന്ന ദ്വിദിന ദേശീയ സിമ്പോസിയത്തിൽ പേപ്പർ പ്രസന്റേഷൻ നടത്താൻ താത്പര്യമുള്ളവർക്ക് ഇ-മെയിൽ മുഖേനയോ അല്ലാതെയോ പേപ്പറുകൾ അയയ്ക്കാൻ സൗകര്യമേർപ്പെടുത്തിയിട്ടുണ്ടെന്ന് കോളേജ് അധികൃതർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, കമ്പ്യൂട്ടർ സയൻസ്, ഇൻഫർമേഷൻ ടെക്നോളജി, അപ്ലൈഡ് ഇലക്ട്രോണിക്സ് എൻജിനിയറിംഗ് വിഭാഗങ്ങൾ സംയുക്തമായി സംഘടിപ്പിക്കുന്ന ദേശീയ സിമ്പോസിയം മാർച്ച് 22, 23 തീയതികളിലാണ്. പേപ്പർ പ്രസന്റേഷൻ, ടെക്നിക്കൽ ക്വിസ്, ലോഗോ ക്വിസ്, സർക്യൂട്ട് ഡിബഗ്ഗിങ്, വെബ് ഡിസൈനിംഗ്, കോഡ് ഡി ബഗ്, സർപ്രൈസ് ഇവന്റ് തുടങ്ങിയ മത്സരങ്ങളും നടക്കും. ഫോൺ :9400671528,9846331415. email :kmctmetanoia@gmail.com

പിൽഗ്രിം ടൂറിസം ഫെസിലിറ്റേഷൻ സെന്റർ നിർമ്മാണോദ്ഘാടനം

ചേർത്തല: കണിച്ചുകുളങ്ങര ദേവീ ക്ഷേത്രത്തിൽ വിനോദ സഞ്ചാര വകുപ്പിന്റെ ആഭിമുഖ്യത്തിൽ നിർമ്മിക്കുന്ന പിൽഗ്രിം ടൂറിസം ഫെസിലിറ്റേഷൻ സെന്ററിന്റെ നിർമ്മാണോദ്ഘാടനം 25 ന് നടക്കും. രാവിലെ 9ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർമ്മാണോദ്ഘാടനം നിർവഹിക്കും. മന്ത്രി കടകംപള്ളി സുരേന്ദ്രൻ അദ്ധ്യക്ഷത വഹിക്കും. മന്ത്രി മാരായ ടി.എം തോമസ് ഐസക്, ജി.സുധാകരൻ, പി.തിലോത്തമൻ എന്നിവർ മുഖ്യാതിഥികളാകും. കെ.സി. വേണുഗോപാൽ എം.പി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജി. വേണുഗോപാൽ, കളക്ടർ എസ്. സുഹാസ്, വിനോദ സഞ്ചാര വകുപ്പ് സെക്രട്ടറി റാണി ജോർജ്, കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പ്രഭ മധു, മാരാരിക്കുളം വടക്ക് പഞ്ചായത്ത് പ്രസിഡന്റ് ഡി.പ്രിയേഷ്കുമാർ, കെ.ടി.മാത്യു, പി.പ്രകാശൻ, എൻ.ഷൈലജ, പി.കെ. ധനേശൻ എന്നിവർ സംസാരിക്കും. ദേവസ്വം പ്രസിഡന്റ് വെള്ളാപ്പള്ളി നടേശൻ സ്വാഗതവും ടൂറിസം ഡയറക്ടർ പി.ബാലകിരൺ നന്ദിയും പറയും. നാല് കോടി രൂപ ചെലവഴിച്ച് ക്ഷേത്രത്തിന് പടിഞ്ഞാറ് ഭാഗത്ത് ദേവസ്വം വക സ്ഥലത്താണ് അത്യാധുനിക സംവിധാനങ്ങളോടെ മൂന്ന് നില കെട്ടിടം നിർമ്മിക്കുന്നത്. താമസത്തിനുള്ള 33 മുറികളും നാല് കടമുറികളുമാണ് കെട്ടിടത്തിലുണ്ടാവുക. ആദ്യഘട്ടത്തിൽ രണ്ട് നിലകളിലായി 21 മുറികൾ പൂർത്തിയാക്കും. ക്ഷേത്രത്തിലെ ഉത്സവത്തോടനുബന്ധിച്ച് എത്തുന്ന ചിക്കരെക്കട്ടികൾക്ക് ഇവിടെ താമസ സൗകര്യം ഒരുക്കും. പ്രളയകാലത്ത് കിടപ്പാടം നഷ്ടപ്പെട്ട പതിനായിരങ്ങൾക്ക് വെള്ളാപ്പള്ളി നടേശൻ മുൻകൈയെടുത്ത് ദേവസ്വത്തിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച ദുരിതാശ്വാസ ക്യാമ്പ് ശ്രദ്ധിക്കപ്പെടുകയും പ്രശംസ നേടുകയും ചെയ്തിരുന്നു. കണിച്ചുകുളങ്ങര ദേവസ്വത്തിന്റെ പ്രവർത്തനം സാമൂഹിക പ്രതിബദ്ധതയ്ക്ക് ഉദാഹരണമായിരുന്നെന്ന വിലയിരുത്തലാണ് പദ്ധതി നടപ്പാക്കാൻ സർക്കാരിനെ പ്രേരിപ്പിച്ചത്.

ഹൈടെക് ലാബ്: സർവേ തുടങ്ങി

തിരുവനന്തപുരം: സ്കൂളുകളിൽ ഹൈടെക് ലാബ് സ്ഥാപിക്കുന്നതിനുള്ള പ്രാഥമിക സർവേ കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) ആരംഭിച്ചു. ഈമാസം അവസാനം ഉപജില്ലാതലത്തിൽ പ്രഥമാദ്ധ്യാപകർക്കായി പരിശീലനപരിപാടിനടത്തും. വിശദവിവരങ്ങൾ കൈറ്റ് വെബ് സൈറ്റിലും ജില്ലാ ഓഫീസുകളിലും ലഭിക്കുമെന്ന് കൈറ്റ് വൈസ് ചെയർമാൻ കെ. അൻവർ സാദത്ത് അറിയിച്ചു. 9941 സ്കൂളുകളിലാണ് ഹൈടെക് ലാബ് സ്ഥാപിക്കുന്നത്.

ഹൈക്കോടതി നിർദ്ദേശം

കോമയിലുള്ള വ്യക്തിയുടെ സ്വത്ത് നോക്കാൻ രക്ഷിതാവിനെ നിയമിക്കാം

കൊച്ചി: അബോധാവസ്ഥയിൽ (കോമ) കഴിയുന്ന വ്യക്തികളുടെ സ്വത്ത് കൈകാര്യം ചെയ്യാൻ അടുത്ത ബന്ധുക്കളിലൊരാളെ രക്ഷാകർത്താവായി നിയമിക്കാമെന്ന് ഹൈക്കോടതി വ്യക്തമാക്കി. ഭാര്യയെയോ മക്കളെയോ നിയമപരമായ മറ്റ് അനന്തരാവകാശികളെയോ രക്ഷാകർത്താവായി നിയമിക്കാനായി ഉറ്റ ബന്ധുക്കൾക്ക് ഹൈക്കോടതിയെ സമീപിക്കാമെന്നും ഡിവിഷൻ ബെഞ്ചിന്റെ വിധിയിൽ പറയുന്നു.

കോമയിൽ കഴിയുന്ന എറണാകുളം മരട് താമരശേരി വീട്ടിൽ ടി. ഗോപാലകൃഷ്ണന്റെ ഭാര്യ ശോഭ, മകൻ നവനീത് കൃഷ്ണൻ, ഇതേ സ്ഥിതിയിൽ കഴിയുന്ന ഇരുമ്പനം സ്വദേശി ടി.വി വർക്കിയുടെ ഭാര്യ ഷേർളി, മക്കളായ വർഷ, ഉഷാര എന്നിവർ നൽകിയ ഹർജികളാണ് പരിഗണിച്ചത്.

ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്നവരുടെ സ്വത്തുക്കൾ സംരക്ഷിക്കാനും കൈകാര്യം ചെയ്യാനും രക്ഷാകർത്താക്കളെ നിയമിക്കാമെന്ന് വിവിധ നിയമങ്ങളിൽ പറയുന്നുണ്ടെങ്കിലും കോമ സ്റ്റേജിലുള്ളവരുടെ കാര്യം പരാമർശിക്കുന്നില്ലെന്ന് ഹൈക്കോടതി വിലയിരുത്തി. ഇതിനായി നിയമനിർമ്മാണം നടത്തേണ്ടത് പാർലമെന്റാണ്. നിയമമുണ്ടാക്കുന്നതുവരെ സ്വത്തു കൈകാര്യത്തിനായി 14 മാർഗനിർദ്ദേശങ്ങളും ഹൈക്കോടതി നൽകി. മരട് സ്വദേശി ഗോപാലകൃഷ്ണൻ ജനുവരിയിൽ മരിച്ച സാഹചര്യത്തിൽ ഭാര്യയ്ക്കും മകനും സ്വത്ത് കൈകാര്യം ചെയ്യുന്നതിന് നിയമപരമായ നടപടി സ്വീകരിക്കാം. ടി.വി. വർക്കിയുടെ കാര്യത്തിൽ ഭാര്യ ഷേർളിയെ രക്ഷാകർത്താവായി നിയോഗിച്ചു.

പ്രധാന ഉപാധികൾ

- അബോധാവസ്ഥയിലുള്ളയാളുടെ സ്വത്തുവിവരങ്ങൾ രക്ഷാകർത്താവായി നിയമിക്കപ്പെടേണ്ടവർ നൽകണം.
- രോഗി കോമ സ്റ്റേജിലാണെന്ന് മെഡിക്കൽ ബോർഡ് ഉറപ്പാക്കണം.
- രോഗിയെ റവന്യൂ, ഉദ്യോഗസ്ഥൻ സന്ദർശിച്ച് കോടതിക്ക് റിപ്പോർട്ട് നൽകണം.
- രോഗിയുടെ ഭാര്യയെയോ മക്കളിലൊരാളെയോ നിയമപരമായ അനന്തരാവകാശികളെയോ ആത്മമിത്രങ്ങൾ സോഷ്യൽ വെൽഫെയർ ഓഫീസറെയോ രക്ഷാകർത്താവാക്കാം
- രോഗിയുടെ വസ്തുവകകളും ബാങ്ക് അക്കൗണ്ടുകളും കൈകാര്യം ചെയ്യാനാണ് നിയമനം. രക്ഷാകർത്താവ് രോഗിയുടെ ഉത്തമ താത്പര്യങ്ങൾ സംരക്ഷിക്കണം.
- രക്ഷാകർത്താവ് ആറ് മാസത്തിലൊരിക്കൽ ഹൈക്കോടതി രജിസ്ട്രാർ ജനറൽ മുമ്പാകെ എല്ലാ ഇടപാടുകളുടെയും റിപ്പോർട്ട് നൽകണം.
- വീഴ്ചയുണ്ടായാൽ രക്ഷിതാവിനെതിരെ മാറ്റാം.

പലപ്പോഴും കുടുംബം പുലർത്തുന്നവരാകും രോഗത്തെ തുടർന്നോ പരിക്കിനെത്തുടർന്നോ കോമയിലാകുന്നത്. ഇതോടെ സ്വത്തുവകകളും ബാങ്ക് അക്കൗണ്ടുകളും കൈകാര്യം ചെയ്യാൻ ഭാര്യയ്ക്കോ മക്കൾക്കോ നിയമപരമായ തടസങ്ങൾ മറികടക്കേണ്ടതുണ്ട്. മികച്ച ചികിത്സ രോഗിക്ക് ലഭിക്കാതെ പോകുന്ന സാഹചര്യങ്ങളും കുടുംബം പുലർത്താനാവാത്തസ്ഥിതിയുമൊക്കെ ഡിവിഷൻ ബെഞ്ച് പരിഗണിച്ചു. തുടർന്നാണ് ഇത്തരക്കാരുടെ സ്വത്തുക്കൾ കൈകാര്യം ചെയ്യാൻ പ്രത്യേക നിർദേശങ്ങൾ നൽകിയത്.

അക്ഷരമുറ്റങ്ങൾ ഇനി 'സമേത'ത്തിൽ തെളിയും

എൻ.പി.മുരളീകൃഷ്ണൻ

തിരുവനന്തപുരം: ഹൈടെക്ക് ലോകത്തെ ഇന്ദ്രജാലത്തിൽ സംസ്ഥാനത്തെ വിദ്യാലയങ്ങളും വിരൽത്തുമ്പിൽ. കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) തയ്യാറാക്കിയ 'സമേതം' ഓൺലൈൻ ഡേറ്റാ ബാങ്കിലൂടെയാണ് സ്കൂളുകളുടെ വിശദാംശങ്ങളടക്കം നിമിഷനേരം കൊണ്ട് പൊതുജനങ്ങൾക്ക് ദൃശ്യമാകുന്നത്. 'സമേതം' വഴി സംസ്ഥാനത്തെ ഏതു സ്കൂളിലെയും അടിസ്ഥാന വിവരങ്ങൾ ലഭ്യമാക്കാം. ഒന്നുമുതൽ 12 വരെയുള്ള 15441 സർക്കാർ-എയ്ഡഡ്- അൺ എയ്ഡഡ് സ്കൂളുകളാണ് 'സമേത'ത്തിലുള്ളത്. 20 നകം പോർട്ടൽ ഔദ്യോഗികമാവും. www.sametham.kite.kerala.gov.in എന്നതാണ് വിലാസം.

പോർട്ടലിലെ വിവരങ്ങൾ

- സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് മേഖലയിലെ സ്കൂളുകളുടെ തരംതിരിച്ചിട്ടുള്ള എണ്ണം
- കുട്ടികൾ, അദ്ധ്യാപകർ, അനദ്ധ്യാപകർ എന്നിവരുടെ എണ്ണം
- യൂസർഗൈഡ്, വീഡിയോ ട്യൂട്ടോറിയൽ
- സ്കൂളിന്റെ അടിസ്ഥാന വിവരങ്ങൾ, ഭൗതിക സൗകര്യം
- വിവിധ വിഭാഗങ്ങളിലെ അദ്ധ്യാപകരുടെയും ജീവനക്കാരുടെയും തസ്തികകളും പേരും
- ഓരോ ക്ലാസിലെയും കുട്ടികളുടെ എണ്ണം
- സ്കൂളിന്റെ ചരിത്രം, ക്ലബ്ബുകൾ, പ്രവർത്തനം, പ്രശസ്തരായ പൂർവവിദ്യാർത്ഥികൾ, ദിനാചരണങ്ങൾ തുടങ്ങിയവ ചിത്രസഹിതമുള്ള സ്കൂളിന്റെ 'സ്കൂൾവിക്കി' പേജിലേക്കും 'സമേത'ത്തിലൂടെ നേരിട്ട് പ്രവേശിക്കാം.

പ്രവർത്തനം പ്രത്യേകം ലോഗിൻ ചെയ്യാതെ വിഭാഗങ്ങൾ തിരിച്ചും ജില്ല തിരിച്ചും സ്കൂളുകളുടെ പേജിലെത്താം. സ്കൂളിന്റെ പേരോ, കോഡോ, സ്ഥലത്തിന്റെ പേരോ 'സെർച്ച്' ഭാഗത്ത് നൽകിയും സ്കൂളുകളിലെത്താം. ജില്ലാ, പാർലമെന്റ് അസംബ്ലി മണ്ഡലങ്ങൾ, ത്രിതല പഞ്ചായത്തുകൾ, വിദ്യാഭ്യാസ ജില്ല, ഉപജില്ല എന്നിങ്ങനെ തരംതിരിച്ച് സ്കൂളുകളെ മുഴുവനായും അഡ്വാൻസ്ഡ് സെർച്ചിലൂടെ കണ്ടെത്താം.

"സ്കൂളുമായി ബന്ധപ്പെട്ട ഡാറ്റ ലഭിക്കുന്നതിനായി വിവിധ ഓഫീസുകൾ കയറിയിറങ്ങേണ്ട സാഹചര്യം ഇല്ലാതാകും. വകുപ്പിന്റെ പ്രവർത്തനം കൂടുതൽ സുതാര്യമാക്കാനും 'സമേതം' വഴി സാധിക്കും.

- കെ. അൻവർ സാദത്ത്, കൈറ്റ് വൈസ് ചെയർമാൻ

കിസാൻ സമ്മാൻ നിധി: സമയപരിധിയില്ലാതെ അപേക്ഷിക്കാം - മന്ത്രി സുനിൽകുമാർ

തിരുവനന്തപുരം: ചെറുകിട നാമമാത്ര കർഷകർക്കായി ഏർപ്പെടുത്തിയിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാൻ മന്ത്രി കിസാൻ സമ്മാൻ നിധിയിലേക്ക് പ്രത്യേക സമയപരിധിയില്ലാതെ കൃഷിഭവനുകൾ മുഖാന്തരം ഇപ്പോൾ അപേക്ഷിക്കാമെന്ന് മന്ത്രി വി.എസ്. സുനിൽകുമാർ അറിയിച്ചു. സ്വന്തം കൃഷിസ്ഥലം സ്ഥിതി ചെയ്യുന്ന പഞ്ചായത്തിലെ കൃഷിഭവനിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്. കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് ആനുകൂല്യം ലഭിക്കുകയും മൊബൈൽ നമ്പരിലേക്ക് സന്ദേശമെത്തുകയും ചെയ്യും. 2018-19 വർഷത്തെ ആദ്യഗഡുവായ 2000 രൂപയുടെ കാലാവധി മാർച്ച് 31 ആണ്. ഈ സമയപരിധിക്കുള്ളിൽ അപേക്ഷിക്കുന്നവർക്ക് 5 ദിവസം കഴിഞ്ഞ് തുക ലഭിക്കും. 2 ഹെക്ടറിൽ കവിയാത്ത കൃഷിഭൂമിയുള്ള കുടുംബങ്ങൾക്കാണ് ആനുകൂല്യത്തിന് അർഹത. സംസ്ഥാന സർക്കാരിന്റെ ലാൻഡ് റെക്കാഡ്സ് പ്രകാരം ഫെബ്രുവരി 1 വരെയുള്ള കൈവശ ഭൂമിയുടെ രേഖകളാണ് സ്ഥലപരിധി കണക്കാക്കുന്നതിന് പരിഗണിക്കുക. പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 24ന് രാവിലെ 10ന് കോട്ടയത്ത് മന്ത്രി വി.എസ്. സുനിൽകുമാർ നിർവഹിക്കും.

ആനുകൂല്യം ലഭിക്കാത്തവർ

- സ്വന്തമായി സ്ഥാപനങ്ങളോടനുബന്ധിച്ചുള്ള വസ്തു ഉടമകൾ.
- ഭരണഘടനാ സ്ഥാപനങ്ങളിലെ നിലവിലുള്ളതും മുമ്പുള്ളതുമായിട്ടുള്ള ഉദ്യോഗസ്ഥർ.
- മന്ത്രിമാർ, ലോക്സഭാംഗങ്ങൾ, രാജ്യസഭാംഗങ്ങൾ, നിയമസഭാംഗങ്ങൾ, സ്റ്റേറ്റ് ലജിസ്ലേറ്റീവ് കൗൺസിൽ അംഗങ്ങൾ, മേയർമാർ, ജില്ലാപഞ്ചായത്ത് അദ്ധ്യക്ഷൻമാർ.
- കേന്ദ്ര, സംസ്ഥാന സർക്കാർ ഓഫീസുകളിലും സ്വയംഭരണ സ്ഥാപനങ്ങളിലും സർവീസിലുള്ളവരും വിരമിച്ചവരും (ക്ലാസ് 4/ഗ്രൂപ്പ് ഡി ഒഴികെ).
- കേന്ദ്ര, സംസ്ഥാന സർക്കാർ ഓഫീസുകളിൽ നിന്നും സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വിരമിച്ച് പ്രതിമാസം 10,000 രൂപയോ അതിൽ കൂടുതലോ പെൻഷൻ ആനുകൂല്യം ലഭിക്കുന്നവർ (ക്ലാസ് 4/ഗ്രൂപ്പ് ഡി ഒഴികെ).
- അവസാന അസെസ്മെന്റ് വർഷം ഇൻകം ടാക്സ് അടച്ചവർ, പ്രൊഫഷണൽ ജോലിയിൽ ഏർപ്പെട്ടിട്ടുള്ളവർ.

വിളംബരം

എം.ജി
www.mgu.ac.in

■ പരീക്ഷ തീയതി

18ന് നടത്താനിരുന്ന ഒന്നാം സെമസ്റ്റർ എം.പി.എഡ്. (2018 അഡ്മിഷൻ റഗുലർ / സപ്ലിമെന്ററി) പരീക്ഷകൾ ഇന്ന് നടക്കും. സ്കൂൾ ഒഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ നടത്താനിരുന്ന അഞ്ചാം വർഷ ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ്) റഗുലർ / സപ്ലിമെന്ററി പരീക്ഷകൾ നാളെ നടക്കും. ഏഴാം സെമസ്റ്റർ ബി.എച്ച്.എം. (2015 അഡ്മിഷൻ റഗുലർ / 2013, 2014 അഡ്മിഷൻ സപ്ലിമെന്ററി), മൂന്നാം സെമസ്റ്റർ എം.ബി.എ. ടൈം (2017 അഡ്മിഷൻ റഗുലർ/2015, 2016 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ യഥാക്രമം നാളെയും, 25നും നടക്കും.

■ പ്രവേശന പരീക്ഷ

സ്കൂൾ ഒഫ് ലെറ്റേഴ്സിലെ 2018 - 19 വർഷത്തെ എം.ഫിൽ മലയാളം, ഇംഗ്ലീഷ്, തിയേറ്റർ ആർട്സ് വിഷയങ്ങളിലെ പ്രവേശന പരീക്ഷ 28ന് പഠനവകുപ്പിൽ നടക്കും. തുടർന്ന് അഭിമുഖവും നടക്കും. ഫോൺ : 0481 - 2731041.

■ സീറ്റൊഴിവ്

സ്കൂൾ ഒഫ് ബയോസയൻസസിലെ എം.ഫിൽ ബയോസയൻസസ് പ്രോഗ്രാമിൽ പട്ടികവർഗ (എസ്.ടി.) വിഭാഗത്തിൽ ഒരു സീറ്റൊഴിവുണ്ട്. എം.എസ്സി. ബയോടെക്നോളജി/ ബയോകെമിസ്ട്രി/ മൈക്രോബയോളജി/ ബയോഫിസിക്സ് അടിസ്ഥാന യോഗ്യതയുള്ളവർ അസൽ സർട്ടിഫിക്കറ്റുകളുമായി നാളെ രാവിലെ 10ന് പഠനവകുപ്പിൽ എത്തണം.

കാലിക്കറ്റ്
www.university ofcalicut.info

■ പരീക്ഷാ തീയതി

18ന് നടത്തേണ്ടിയിരുന്ന പരീക്ഷകളുടെ പുതുക്കിയ തിയതികൾ ബ്രാക്കറ്റിൽ.

എം.ഫിൽ ഒന്നാം സെമസ്റ്റർ (ഇന്ന്), എം.ടെക് ഒന്നാം സെമസ്റ്റർ സപ്ലിമെന്ററി (27), എം.ടെക് നാനോ സയൻസ് ആൻഡ് ടെക്നോളജി മൂന്നാം സെമസ്റ്റർ റഗുലർ